**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5313** **21-03-2025 - ൽ മറുപടിയ്ക്ക്**

**ഉപയോഗശൂന്യമായ ബസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. കെ. ബഷീർ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം കെ.എസ്.ആർ.ടി.സി. ബസ്സുകൾ വിവിധ ഡിപ്പോകളിൽ തുരുമ്പെടുത്തു കിടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഡിപ്പോകളിൽ തുരുമ്പെടുത്തു കിടക്കുന്നില്ല. അപകടത്തിൽപ്പെട്ടതും, ചെലവേറിയതുമായ വർദ്ധിച്ച അറ്റകുറ്റപണികൾ ഉള്ള വാഹനങ്ങളാണ് ലേലം ചെയ്ത് വിൽക്കുന്നതിനുള്ള നടപടി ക്രമം പൂർത്തീകരിക്കുന്നതിനായി യൂണിറ്റ് ഗ്യാരേജ് / വർക്ക്ഷോപ്പുകളിൽ സൂക്ഷിച്ചിട്ടുള്ളത്. |
| (ബി) | ഇപ്രകാരം ഉപയോഗശൂന്യമായ ബസ്സുകൾ എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; ഇവയിൽ തീരെ ഉപയോഗശൂന്യമായവ പൊളിച്ചു വിൽക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | ബസ്സുകൾ വിദഗ്ദ്ധ സമിതി പരിശോധിച്ചതിനു ശേഷം കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ M/s. MSTC മുഖാന്തരം e-tender നടത്തി വിൽക്കുകയാണ് ചെയ്തു വരുന്നത്. 2024 ജനുവരി മുതൽ നാളിതുവരെ 230 വാഹനങ്ങൾ M/s. MSTC മുഖാന്തരം ലേലം ചെയ്ത് വിറ്റിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ